(ബി) രണ്ട് ഏക്കർ ഭൂമിയും സബ്സ്റ്റേഷൻ നിർമ്മിക്കാൻ ആവശ്യമായ തുകയും കെ.എസ്.ഐ.ഡി.സി. ലഭ്യമാക്കിയിട്ടും പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിലെ സാങ്കേതിക തടസ്സം എന്താണെന്ന് അറിയിക്കാമോ ;

(സി) സബ്സ്റ്റേഷൻ നിർമ്മാണത്തിൽ കഴിവും താല്പര്യവുമുള്ള ഉദ്യോഗസ്ഥരുടെ ഒരു സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ച് തുടർ പ്രവർത്തനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഇതുസംബന്ധിച്ച് ഒരു ഉന്നതതലയോഗം വിളിക്കുന്ന കാര്യം പരിഗണിക്കാമോ ?

ഉത്തരം

(എ) 110 കെ.വി. കിനാലൂർ സബ്സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞു.

(ബി) കെ.എസ്.ഐ.ഡി.സി. സ്ഥലം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കൈമാറിയമുറയ്ക്ക് സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(സി) 110 കെ.വി. കിനാലൂർ സബ്സ്റ്റേഷന്റെ നിർമ്മാണപ്രവർത്തനങ്ങൾ വടകര ട്രാൻസ്മിഷൻ കൺസ്ട്രക്ഷൻ സബ്ഡിവിഷന്റെ കീഴിലാണ് നടന്നുവരുന്നത്. ടി പ്രവൃത്തികൾ തൃപ്തികരമായി പുരോഗമിക്കുന്നതിനാൽ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിക്കേണ്ട ആവശ്യകത ഇപ്പോൾ നിലവിലില്ല.

(ഡി) സബ്സ്റ്റേഷന്റെ നിർമ്മാണപ്രവർത്തനങ്ങൾ തൃപ്തികരമായി പുരോഗമിക്കുന്നതിനാൽ ഉന്നതതലയോഗം വിളിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

ചെറായി 110 KV സബ്സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച തടസ്സങ്ങൾ

75 (420) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ മണ്ഡലത്തിലെ ചെറായി 110 KV സബ്സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച പരാതിയിന്മേൽ നിയമിതനായിരുന്ന അഡ്വക്കേറ്റ് കമ്മീഷൻ, റിപ്പോർട്ട് സമർപ്പിക്കാത്തതുമൂലം ദീർഘനാളുകളായി പ്രസ്തുത പ്രവൃത്തി തടസ്സപ്പെട്ട് കിടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദീർഘനാളുകളായി പ്രവൃത്തി തടസ്സപ്പെടുന്നതുമൂലം പൊതു ഖജനാവിനുണ്ടാകുന്ന നഷ്ടം തീരദേശവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ എന്നിവ കണക്കിലെടുത്ത് പ്രസ്തുത റിപ്പോർട്ട് എത്രയും വേഗം സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട കമ്മീഷനോട് ആവശ്യപ്പെടുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) റിപ്പോർട്ട് സമർപ്പിക്കുന്നതിന് അഡ്വക്കേറ്റ് കമ്മീഷൻ ആവശ്യപ്പെട്ടിട്ടുള്ള എല്ലാ വിവരങ്ങളും നേരിട്ടും രേഖാമൂലവും പരിശോധനാ സമയത്ത് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ഭാഗത്തുനിന്നും സമർപ്പിച്ചിട്ടുള്ളതാണ്. ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ നിലവിലുണ്ടായിരുന്ന 3 റിട്ട് ഹർജികളിലെ 15-3-2013-ലെ ഹൈക്കോടതി നിർദ്ദേശപ്രകാരമാണ് എറണാകുളം അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് നടപടി സ്വീകരിച്ചുവരുന്നതും ഇതിന്റെ ഭാഗമായി ലൈൻ വലിക്കുകൾ സംബന്ധിച്ച് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ അഡ്വക്കേറ്റ് കമ്മീഷനെ നിയോഗിച്ചിട്ടുള്ളതും നിയമ നടപടികളുടെ ഭാഗമായുള്ള കൃത്യനിർവ്വഹണം സംബന്ധിച്ച് അഡ്വക്കേറ്റ് കമ്മീഷന് നിർദ്ദേശം നൽകാൻ സർക്കാരിന് നിർവ്വാഹമില്ല.

2014-15 ബഡ്ജറ്റിലെ വൈദ്യുത പദ്ധതികൾ

76 (421) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2014-15 സംസ്ഥാന ബഡ്ജറ്റിൽ പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും സ്ഥാപിക്കാനായി വകയിരുത്തിയ 240 കോടി രൂപ വിനിയോഗിച്ചു നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

2014-15 സംസ്ഥാന ബഡ്ജറ്റിൽ പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും സ്ഥാപിക്കുന്നതിനായി വകയിരുത്തിയ തുക വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly